# പാവപ്പെട്ട കർഷകർക്കുള്ള വായ്പകൾ തട്ടിയെടുത്തത് റിലയൻസ് ഉൾപ്പെടെയുള്ള കോർപ്പറേറ്റുകൾ

## കീശയിലാക്കിയത് 59,000 കോടി

കണ്ണൂർ: ചെറുകിട കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ നൽകുന്ന കാർഷിക വായ്പ തട്ടിയെടുത്തത് കോർപ്പറേറ്റ് കമ്പനികൾ. 59,000കോടി രൂപയുടെ കാർഷിക വായ്പയാണ് റിലയൻസ് ഉൾപ്പെടെയുള്ള കോർപ്പറേറ്റുകൾ കൈക്കലാക്കിയത്. 615 കോർപ്പറേറ്റ് കമ്പിനികളാണ് 4.25 ശതമാനം നിരക്കിലുള്ള വായ്പകൾ കൈക്കലാക്കിയത്. 200 കോടി രൂപയുടെ കാർഷിക വായ്പ തരപ്പെടുത്തിയ റിലയൻസ് ഫ്രഷ് അഗ്രോ കമ്പിനിയും ഇതിൽ ഉൾപ്പെടും.

എസ്. ബി. ഐ യുടെ മുംബൈ സിറ്റി ശാഖ വഴിയാണ് റിലയൻസ് വായ്പ സംഘടിപ്പിച്ചത്. വായ്പാ തുക ഉപയോഗിച്ച് കൃഷിഭൂമി വാങ്ങാൻ കർഷകരെ ബാങ്കുകൾ അനുവദിക്കാറില്ലെങ്കിലും കോർപ്പറേറ്റുകൾക്ക് ഭൂമി വാങ്ങാൻ കാർഷിക വായ്പ അനുവദിച്ചതായും രേഖകൾ വ്യക്തമാക്കുന്നു. ഹരിയാനയിലെ കർഷക നേതാവ് ദേവേന്ദ്രശർമ്മക്ക് റിസർവ് ബാങ്ക് വിവരാവകാശ രേഖപ്രകാരം നൽകിയ മറുപടിയിലാണ് ഇക്കാര്യമുള്ളത്. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ്, രാജസ്ഥാൻ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് കോർപ്പറേറ്റുകൾക്ക് വൻതോതിൽ കാർഷിക വായ്പ നൽകിയിട്ടുള്ളത്.

# ചെറിയതോതിൽ നിന്ന് വ്യവസായ സാമ്രാജ്യം കെട്ടിപ്പടുത്തു ഹസൻ ഹാജി

തളിപ്പറമ്പ: പരമ്പരാഗത കുടുംബ ബിസിനസിൽ നിന്ന് തളിപ്പറമ്പിൽ ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുത്ത് കഠിനധ്വാനത്തിന്റെ പ്രതീകമായി മാറിയ വ്യക്തിത്വമാണ് ഹസൻഹാജിയുടേത്. മെഴുക്തിരി വ്യവസായമായിരുന്നു അദേഹത്തിന്റെ കുടുംബത്തിന്റെ പാരമ്പര്യ ബിസിനസ്. അവിടെ നിന്ന് തളിപ്പറമ്പ് മാർക്കറ്റ് റോഡിൽ അനാദി കച്ചവടത്തിന് തുടക്കം കുറിച്ച ഹസൻഹാജി പിന്നീട് സ്വന്തമായി ബ്രാന്റഡ് അരിയുടെ കമ്പനി അടക്കം തുടങ്ങി വ്യാപാര രംഗത്ത് കുതിച്ചുകയറുകയായിരുന്നു. അത് തളിപ്പറമ്പിൽ നിരവധി കെട്ടിട സമുച്ചയങ്ങളുടെ ഉടമസ്ഥതയിലേക്കും സർണ്ണാഭരണ മൊത്ത കച്ചവടത്തിലേക്കും വികസിക്കുകയായിരുന്നു.

കേവലം ഒരു കച്ചവടക്കാരന്റെ റോളിൽ ഒതുങ്ങിയില്ല ഹസൻഹാജിയുടെ വ്യക്തിത്വം. കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിൽ ഒരു കാലത്ത് തളിപ്പറമ്പിന്റെ രാഷ്ട്രീയ രംഗത്ത് അദേഹം നിറഞ്ഞുനിന്നിരുന്നു. രാഷ്ട്രീയ പ്രവർത്തകനായിരിക്കുമ്പോഴും സൗമ്യമായ പെരുമാറ്റത്തിലൂടെ എതിരാളികളുടെ അടക്കം സ്നേഹാദരം പിടിച്ചുപറ്റിയിരുന്നു. വർഷങ്ങൾക്കുമുമ്പ് തളിപ്പറമ്പിന്റെ വികസനത്തിന് വേണ്ടി ജെയിംസ് മാത്യു എം.എൽ.എ യുടെയും തളിപ്പറമ്പ പ്രസ് ഫോറത്തിന്റെയും നേതൃത്വത്തിൽ ജനകീയ വികസന സമിതി രൂപം കൊണ്ടപ്പോൾ അതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചവരിൽ പ്രമുഖനായിരുന്നു ഹസൻഹാജി.

പ്രളയദുരിത ബാധിതർക്കുള്ള ഫണ്ട് ആലക്കോട് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഏറ്റുവാങ്ങുന്നു.

## ദുരിതാശ്വാസ നിധിയിലേക്ക് സഹായം ചൊരിഞ്ഞ് മലയോരം

# മഹാദുരന്തത്തെ കേരളം ഒറ്റക്കെട്ടായി അതിജീവിച്ച് കൊണ്ടിരിക്കുകയാണ്: മന്ത്രി ശൈലജ ടീച്ചർ

ആലക്കോട്: ചരിത്രത്തിൽ ഇതുവരെയില്ലാത്ത വിധത്തിൽ സംഭവിച്ച മഹാപ്രളയദുരന്തത്തെ കേരളം ഒറ്റക്കെട്ടായി അതിജീവിച്ചുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി കെ.കെ. ശൈലജ ടീച്ചർ പ്രസ്താവിച്ചു. പ്രളയദുരിത ബാധിതരെ സഹായിക്കുന്നതിനായുള്ള ഫണ്ട് ഇന്ന് രാവിലെ ആലക്കോട് ഏറ്റുവാങ്ങി പ്രസംഗിക്കുകയായിരുന്നു മന്ത്രി. മഹാപ്രളയം പോലെ കേരളത്തിലെ ജനങ്ങൾ ദുരിത ബാധിതർക്കായി കൈ കോർക്കുന്നതും സമാനതകളില്ലാത്ത ചരിത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് നവ കേരള സൃഷ്ടിക്കായുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് കരുത്ത് പകരുകയാണെന്ന് അവർ പറഞ്ഞു. ആലക്കോട്, ഉദയഗിരി, നടുവിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകളിൽ നിന്നുള്ള സഹായമാണ് മന്ത്രി ഏറ്റുവാങ്ങിയത്. പഞ്ചായത്തുകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, വിവിധ സംഘടനകൾ, വ്യക്തികൾ തുടങ്ങി ദുരിതാശ്വാസ നിധിയിലേക്ക് നിർലോഭമായ പിന്തുണയാണ് മലയോരത്ത് നിന്ന് ലഭിച്ചത്. കെ.സി. ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു. കെ.വി. സുമേഷ്, മോളിമാനുവൽ, മിനി മാത്യു, എം.മൈമൂനത്ത്, ബിന്ദുബാലൻ, തോമസ് വെക്കത്താനം, ജോയി കൊന്നയ്ക്കൽ, വി.പി. ഗോവിന്ദൻ, എൻ.യു. അബ്ദുള്ള, എം. കരുണാകരൻ, പി.വി. ബാബുരാജ്, പഞ്ചായത്ത് മെമ്പർമാർ പ്രസംഗിച്ചു. സി. മോഹനൻ സ്വാഗതവും പ്രസന്നകുമാർ നന്ദിയും പറഞ്ഞു.

## മണൽ പിടികൂടി

മയ്യിൽ: കല്ലുരിക്കടവിൽ അനധികൃതമായി വാരി സൂക്ഷിച്ച രണ്ട് ലോഡ് മണൽ പിടികൂടി. മയ്യിൽ എസ്.ഐ എൻ.പി. രാഘവന്റെ നേതൃത്വത്തിലാണ് ഇന്ന് പുലർച്ചെ മണൽ പിടികൂടിയത്. മണൽവാരൽ സംഘം ഓടി രക്ഷപ്പെട്ടു. പിടികൂടിയ മണൽ നിർമ്മിതി കേന്ദ്രക്ക് കൈമാറി.

## വിവാദ വിദേശയാത്ര ഉപേക്ഷിച്ച് മന്ത്രി കടകംപള്ളി

തിരുവനന്തപുരം: വിവാദമുയർന്നപ്പോൾ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ വിദേശയാത്ര റദ്ദാക്കി. ടോക്കിയോ, സിങ്കപ്പൂർ, ചൈന എന്നിവിടങ്ങളിലേക്ക് സർക്കാർ ചിലവിൽ നടത്താനിരുന്ന യാത്രയാണ് ഒഴിവാക്കിയത്. കേരളത്തിൽ നിരവധി ജോലിയുള്ളതിനാലാണ് യാത്ര ഒഴിവാക്കിയതെന്നാണ് മന്ത്രി അറിയിച്ചത്. പ്രളയദുരിതബാധിതരെ സഹായിക്കാൻ കേരളം ഒരുമിച്ച് നിൽക്കുമ്പോൾ മന്ത്രി വിദേശയാത്രക്ക് ഒരുങ്ങിയത് വിവാദത്തിന് ഇടയാക്കിയിരുന്നു.

ജി.ടി.എ ടൂറിസം എക്സ്പോയിൽ പങ്കെടുക്കാൻ ഈമാസം 20 മുതൽ 23 വരെ ജപ്പാനിലെ ടോക്കിയോയിൽ ചിലവഴിക്കാനായിരുന്നു കടകംപള്ളി നിശ്ചയിച്ചിരുന്നത്. 17 മുതൽ 19 വരെ സിങ്കപ്പൂരിലും നവമ്പർ 16 മുതൽ 18 വരെ ചൈനയിലും ചിലവഴിക്കാൻ മന്ത്രി ഒരുങ്ങിയിരുന്നു. മൂന്ന് യാത്രകളും ടൂറിസം വികസനവുമായി ബന്ധപ്പെട്ടതായിരുന്നു. എന്നാൽ പ്രളയത്തിൽ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങളടക്കം തകർന്നുകിടക്കുകയാണ്. അതിനാൽ അടുത്തകാലത്തൊന്നും വിദേശസഞ്ചാരികൾ ഇവിടെ എത്തില്ല. അതുകൊണ്ടുതന്നെ കടകംപള്ളിയുടെ യാത്ര ഗുണം ചെയ്യില്ലെന്ന വിമർശനമാണ് ഉയർന്നിരുന്നത്. ഇതോടെയാണ് യാത്ര പിൻവലിച്ച വിവരം മന്ത്രി അറിയിച്ചത്. എന്നാൽ ടൂറിസം മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം തന്നെ വിദേശത്ത് പോയി കാര്യങ്ങൾ വിശദീകരിക്കുമെന്നാണ് ടൂർ ഓപ്പറേറ്റർമാർ പറയുന്നത്.


വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു



ആദരാഞ്ജലികൾ

സോമൻ മാഞ്ചിറയ്ക്കൽ
ബാലപുരം

ഞങ്ങളുടെ പ്രിയ സോമേട്ടന്റെ ഓർമ്മകൾക്ക് മുന്നിൽ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികളോടെ

വൈസ്മെൻസ് ക്ലബ് ഓഫ് വായാട്ടുപറമ്പ

ഇന്ന് (13-09-2018) വൈകുന്നേരം 5.30ന് വായാട്ടുപറമ്പ് വൈസ്മെൻസ് ഹാളിൽ സോമൻ അനുസ്മരണ സമ്മേളനം നടക്കുന്നതാണ്.



ഇന്ന് വിവാഹിതരാകുന്നു
(13-09-2018)

MUHAMMED SHAREEF
S/o. Muhammed Kunhi & Fathima
Fathima Manzil
Allamkulam St # 6
Taliparamba

MIZNA FATHIMA
D/o. Musthafa
Asad Nagar
Taliparamba

With best compliments from
FRIENDS & RELATIVES


## അമ്മാവനെ മർദിച്ചതിന് മരുമകനെതിരെ കേസ്

പയ്യന്നൂർ: തടഞ്ഞ് നിർത്തി മർദിക്കുകയും ഓട്ടോറിക്ഷ നശിപ്പിക്കുകയും ചെയ്തുവെന്ന അമ്മാവന്റെ പരാതിയിൽ മരുമകനെതിരെ പോലീസ് കേസെടുത്തു. രാമന്തളിയിലെ കുണ്ടോറ രാമചന്ദ്രന്റെ പരാതിയിലാണ് മരുമകനായ രാഗേഷിനെതിരെ കേസെടുത്തത്. കഴിഞ്ഞ ദിവസമാണ് സംഭവം. വാക്ക് തർക്കത്തിനിടയിൽ തന്നെ തടഞ്ഞ് നിർത്തി മർദിച്ചുവെന്നും ഓട്ടോറിക്ഷയുടെ വുഡ് കീറി നശിപ്പിച്ചുവെന്നുമാണ് രാമചന്ദ്രന്റെ പരാതി.

## മന്ത്രി ശൈലജയുടെ ധനസമാഹരണം ഇന്ന് ആന്തൂരിൽ

ധർമ്മശാല: മന്ത്രി കെ. കെ. ശൈലജയുടെ നേതൃത്വത്തിലുള്ള ധനസമാഹരണം ഇന്ന് വൈകുന്നേരം 4.30ന് ആന്തൂർ നഗരസഭാ കാര്യാലയത്തിൽ നടക്കും. തളിപ്പറമ്പ ടൗൺ സ്കൂയറിൽ നടത്താൻ തീരുമാനിച്ച ചടങ്ങ് ഹസൻഹാജിയുടെ നിര്യാണത്തെ തുടർന്നാണ് ആന്തൂരിലേക്ക് മാറ്റിയത്.

## വിഷം കഴിച്ച മുൻ നക്സൽ പ്രവർത്തകൻ മരിച്ചു

ശ്രീകണ്ഠപുരം: എലിവിഷം കഴിച്ച് ചികിൽസയിലായിരുന്ന നക്സൽ പ്രവർത്തകൻ മരിച്ചു. കാഞ്ഞിരക്കൊല്ലിയിലെ പുത്തൻപുരയ്ക്കൽ പി.ടി.ജോസ് (54) ആണ് ഇന്ന് പുലർച്ചെ മംഗലാപുരത്തെ സ്വകാര്യാശുപത്രിയിൽ മരണപ്പെട്ടത്. കഴിഞ്ഞ ദിവസമാണ് ജോസിനെ വിഷം അകത്ത് ചെന്ന് അവശനിലയിൽ കണ്ടത്. തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഭാര്യ: ലൗലി. മക്കൾ: പ്രസ്റ്റി, ജസ്റ്റി, ജസ്റ്റ്.

## നേതാക്കൾ ആദരാഞ്ജലി അർപ്പിച്ചു

തളിപ്പറമ്പ: അന്തരിച്ച വ്യാപാര പ്രമുഖൻ കെ.പി. ഹസൻഹാജിക്ക് പ്രമുഖ വ്യക്തിത്വങ്ങളുടെ അന്ത്യാഞ്ജലി. സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം എം.വി. ഗോവിന്ദൻമാസ്റ്റർ, ജയിംസ്മാത്യു എം.എൽ.എ, പി. ജയരാജൻ, മുൻ എം.എൽ.എ സി.കെ.പി. പത്മനാഭൻ, ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി, നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ്, ലീഗ് ജില്ലാ ജനറൽ സക്രട്ടറി കരീം ചേലേരി, ബി.ജെ.പി വടക്കൻ മേഖല വൈസ് പ്രസിഡണ്ട് എ.പി. ഗംഗാധരൻ, വ്യാപാരി നേതാക്കളായ കെ.എസ്. റിയാസ്, വി. താജുദ്ദീൻ തുടങ്ങി നിരവധി നേതാക്കളാണ് വസതിയിലെത്തി അന്ത്യാഞ്ജലി അർപ്പിച്ചത്.

## അനധികൃത മദ്യക്കടത്ത്; രണ്ട് യുവാക്കൾ പിടിയിൽ

പയ്യന്നൂർ: മദ്യം കടത്തുന്നതിനിടെ യുവാക്കൾ എക്സൈസ് സംഘത്തിന്റെ പിടിയിലായി. വെള്ളോറ കുറവട്ടം കോളനിയിലെ താമസക്കാരായ കുണ്ടങ്കോടൻ അനീഷ്(36), കുണ്ടങ്കോടൻ രവി (39) എന്നിവരെയാണ് പയ്യന്നൂർ റെയിഞ്ച് എക്സൈസ് സംഘം പിടികൂടിയത്. അനധികൃതമായി കടത്തുകയായിരുന്ന 22 ലിറ്റർ മദ്യം ഇരുവരിൽ നിന്നുമായി പിടിച്ചെടുത്തു. എക്സൈസ് ഇൻസ്പെക്ടർ വി.വി. പ്രഭാകരൻ, പ്രിവന്റീവ് ഓഫീസർ പി.കെ. തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് ഇരുവരെയും പിടികൂടിയത്.


AWI wooden frames
34 YEARS OF EXPERIENCE

ടെൻഷൻ ഒഴിവാക്കൂ..!!

READYMADE
കട്ടിള
ജനൽ

| ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ | ആഞ്ഞിലി പ്ലാവ് | വിദേശ വീട്ടി | വിദേശ ഇരുൾ | |
|---|---|---|---|---|
| കട്ടിള | 3950 | 4500 | 5590 | മുതൽ |
| 3 പാളി ജനൽ | 9500 | 10850 | 12350 | മുതൽ |
| 2 പാളി ജനൽ | 6650 | 7700 | 8700 | മുതൽ |

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ

ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഏഴാംമൈൽ, തളിപ്പറമ്പ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com

C1805-374137


## മൽസരയോട്ടം: ബസുകൾ കസ്റ്റഡിയിൽ

പരിയാരം: മൽസരയോട്ടത്തിനിടയിൽ സ്വകാര്യ ബസുകൾ കൂട്ടിയിടിച്ചതിന് പുറമെ ജീവനക്കാർ ഏറ്റുപിടിക്കുകയും ചെയ്തതോടെ ബസുകൾ പോലീസ് കസ്റ്റഡിയിലായി. ഇന്ന് രാവിലെ 10.20ഓടെ പിലാത്തറ ബസ്സ്റ്റാന്റിലാണ് സംഭവം. പയ്യന്നൂരിൽ നിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന ലിമ്രാസ് ബസ്സും സുസ്മിത ബസ്സുമാണ് പരിയാരം പോലീസിന്റെ കസ്റ്റഡിയിലായത്. പയ്യന്നൂർ മുതൽ മൽസരിച്ചോടിയ ബസുകൾ പിലാത്തറ ബസ്സ്റ്റാന്റ് പരിസരത്ത് വെച്ച് കൂട്ടിയുരസുകയായിരുന്നു. പരിഭ്രാന്തരായ യാത്രക്കാരാണ് പോലീസിനെ വിവരം അറിയിച്ചത്. ഇടിയുടെ കാരണത്തെ ചൊല്ലി ബസ് ജീവനക്കാർ കൊമ്പുകോർക്കുന്നതിനിടയിൽ പോലീസെത്തി ബസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

## രാപ്പകൽ സമരം; ക്ലാസ് ബഹിഷ്കരിച്ച് കുട്ടികളും

കണ്ണൂർ: ദേശീയപാത വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കുന്നതിനെതിരെ പാപ്പിനിശേരി തുരുത്തി, വേളാപുരം, കോട്ടക്കുന്ന്, അത്താഴക്കുന്ന് സംയുക്ത സമരസമിതി കലക്ട്രേറ്റിന് മുന്നിൽ നടത്തിവരുന്ന രാപ്പകൽ ഉപവാസ സമരം ഇന്ന് മൂന്നാംദിനത്തിലേക്ക് പ്രവേശിച്ചു. വീടുകൾ നഷ്ട്ടവരുടെ കുട്ടികൾ ക്ലാസുകൾ ബഹിഷ്ക്കരിച്ച് ഉപവാസ സമരത്തിൽ പങ്കാളികളായി. സജീവ് ജോസഫ്, സി. രാജീവൻ പ്രസംഗിച്ചു.

## യുവാവ് തൂങ്ങിമരിച്ചു

ഇരിട്ടി: കൂട്ടുപുഴ കിളിയന്തറയിലെ സെബാസ്റ്റ്യന്റെ മകൻ കാരാപ്പുഴ ജോസി(34) വീട്ടിനകത്ത് തൂങ്ങിമരിച്ചു. ഇന്നലെ രാത്രിയോടെയാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

# ചരമം

**രാജു**

ആലക്കോട്: മണക്കടവ് വായിക്കമ്പയിലെ കൊച്ചാനിമൂട്ടിൽ രാജു (56) നിര്യാതനായി. പിതാവ്: കുമാരൻ. മാതാവ്: പരേതയായ കാർത്ത്യായനി. ഭാര്യ: പരേതയായ സുധർമ്മ. മക്കൾ: മനീഷ, മനുരാജ്. മരുമക്കൾ: രജീഷ്, മിനി. സഹോദരങ്ങൾ: രാധാകൃഷ്ണൻ, സരോജിനി.

**ക്ലാരമ്മ**

ആലക്കോട്: പാത്തൻപാറയിലെ ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ കരിങ്ങോഴയ്ക്കൽ കെ.സി. ജോസഫിന്റെ ഭാര്യ ക്ലാരമ്മ (91) നിര്യാതയായി. വള്ളിച്ചിറ ചെറ്റാലിക്കൽ കുടുംബാംഗമാണ്. മക്കൾ: മേഴ്സി, സണ്ണി, ലീലാമ്മ, സോജൻ, ബെന്നി, ജോഷി (ബാംഗ്ലൂർ), ഷാജു (ഖത്തർ). മരുമക്കൾ: ഔസേപ്പച്ചൻ പൈകട (തൊടുപുഴ), അപ്പച്ചൻ ഓടയ്ക്കൽ (പന്നിയൂർ), രാജമ്മ ചീരാംകുഴിയിൽ (പാത്തൻപാറ), ആൻസമ്മ കുടയ്ക്കച്ചിറക്കുന്നേൽ (കുടിയാൻമല), സാലി കട്ടക്കയത്ത് (ഒറ്റത്തൈ), ഷീന വെട്ടിക്കൽ (തിരുമേനി), ഷാന്റി കൈതക്കുളം (മരുതോങ്കര). സഹോദരങ്ങൾ: മറിയക്കുട്ടി പുന്നക്കുന്നേൽ, കുട്ടപ്പായി (ഇരുവരും വള്ളിച്ചിറ). സംസ്കാരം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് പാത്തൻപാറ സെന്റ് ആന്റണീസ് പള്ളിയിൽ.

**പാറു**

കുറ്റ്യേരി: വട്ടക്കൂലിലെ മൂലായി പാറു(92) നിര്യാതയായി. ഭർത്താവ്: പരേതനായ ചിറയിൽ കണ്ണൻ. മക്കൾ: ലക്ഷ്മണൻ(മാതൃഭൂമി, മനോരമ ഏജന്റ്), ലീല, ജാനകി, യശോദ, പരേതനായ നാരായണൻ, കുഞ്ഞിരാമൻ.

## പി. കെ. ബഷീർ എം. എൽ. എ...

*(ഒന്നാം പേജിൽ നിന്ന്)*

ഇതിനെ ചോദ്യം ചെയ്തുകൊണ്ട് അയ്യൂബ് സുപ്രിം കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് ഇന്ന് വിധിയുണ്ടായത്.

സംസ്ഥാന സർക്കാരിന്റെ പോസ്റ്റോഫീസ് ആകേണ്ട ആളല്ല പബ്ലിക്ക് പ്രോസിക്യൂട്ടറെന്ന് സുപ്രിംകോടതി ചൂണ്ടിക്കാണിച്ചു. കേസ് പിൻവലിക്കാൻ ആകുമോ എന്ന് മജിസ്ട്രേട്ട് കോടതി സ്വതന്ത്രമായി പരിശോധിക്കണമെന്നും സുപ്രിംകോടതി നിർദേശിച്ചു.

## ലൗരാത്രി സിനിമക്കെതിരെ കേസ്

ഡൽഹി: നവരാത്രി എന്ന പേരിനോട് സാമ്യമുണ്ടെന്ന് പറഞ്ഞ് ലൗരാത്രി സിനിമക്കെതിരെ കേസ്. ഹിന്ദുക്കളുടെ മതവികാരം പേരിലുള്ള സാമ്യം കാരണം വ്രണപ്പെടുമെന്ന് കാണിച്ച് ഒരു അഭിഭാഷകൻ നൽകിയ ഹർജിയിലാണ് ബീഹാറിലെ മുസാഫർ പൂർനഗർ പോലീസ് സൽമാൻഖാൻ ഉൾപ്പെടെ ഏഴുപേർക്കെതിരെ കേസെടുത്തത്. ആയുഷ്ശർമ്മയും വറീന ഹുസൈനും പ്രധാന വേഷത്തിൽ അഭിനയിക്കുന്ന സിനിമ സൽമാൻഖാന്റെ സിനിമ കമ്പിനിയാണ് നിർമ്മിക്കുന്നത്. ഒക്ടോബർ അഞ്ചിനാണ് സിനിമ റിലീസ് ചെയ്യാൻ തീരുമാനിച്ചത്. അതിനിടയിൽ വിശ്വഹിന്ദുപരിഷത്ത് ഉൾപ്പെടെയുള്ള സംഘടനകൾ സിനിമക്കെതിരെ രംഗത്തുവന്നിരുന്നു. ഇതിന് പിറകെയാണ് അഭിഭാഷകൻ കോടതിയെ സമീപിച്ചത്.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 275 RNI Reg.No.KER MAL/2007/22043